**ചെയർപേഴ്സൺ ജില്ലാ ദുരന്തനിവാരണ അതോറിറ്റി &**
**ജില്ലാ കലക്ടർ വയനാടിന്റെ നടപടിക്രമം**
**(ഹാജർ : ഡോ. അദീല അബ്ദുള്ള ഐ.എ.എസ്)**

**വിഷയം: കോവിഡ് 19-അവശ്യ വസ്തുക്കളുടെ അന്തർ സംസ്ഥാന ഗതാഗതം- പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്**
**സൂചന: ഈ ഓഫീസിലെ 28/03/2020 ലെ DCWYD/2909/2020(5) നടപടിക്രമം**

**ഉത്തരവ് നമ്പർ DCWYD/2909/2020(6) തിയതി 30.03.2020.**

കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ രാജ്യം മുഴുവനായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അവശ്യസാധനങ്ങളുടെ ചരക്ക് ഗതാഗതം സുഗമമായി നടക്കുന്നതിനും പാസ്സ് അനുവദിക്കുന്നതുസംബന്ധിച്ചും സൂചന ഉത്തരവ് പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം മുത്തങ്ങ വഴി കർണ്ണാടക സംസ്ഥാനത്തേക്ക് പോകേണ്ട വാഹനങ്ങൾക്കായുള്ള പാസുകൾ, നൂൽപ്പുഴ വില്ലേജ് ഓഫീസിൽ ക്രമീകരിച്ചിട്ടുള്ള കൗണ്ടറിൽ നിന്നുമാണ് ലഭ്യമാകുന്നത്. നിലവിൽ ബാവലി ചെക്ക് പോസ്റ്റ് വഴിയുള്ള അവശ്യ വസ്തുക്കളുടെ ചരക്ക് ഗതാഗതം പുനസ്ഥാപിച്ചിട്ടുള്ളതിനാലും മുത്തങ്ങ ചെക്ക് പോസ്റ്റ് വഴി കർണ്ണാടക സംസ്ഥാനത്തേക്ക് പോകുന്ന വാഹനങ്ങൾക്കായി നൂൽപ്പുഴ വില്ലേജ് ഓഫീസിൽ ക്രമീകരിച്ച കൗണ്ടറിൽ തിരക്ക് കൂടുതൽ ഉള്ളതിനാൽ നിലവിലുള്ള കൗണ്ടർ അപര്യാപ്തമായതിനാലും മേൽപ്പറഞ്ഞ ചെക്ക് പോസ്റ്റ് വഴിയുള്ള ഗതാഗതത്തിനായി പാസ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഉത്തരാവാകുന്നു.

1.ബാവലി ചെക്ക് പോസ്റ്റ് വഴി കർണ്ണാടക സംസ്ഥാനത്തേക്ക് പോകേണ്ട വാഹനങ്ങൾക്കായുള്ള ആരോഗ്യ വകുപ്പിലേയും, മോട്ടോർവാഹന വകുപ്പിലേയും ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന പാസുകൾ, (1) തൃശ്ശിലേരി വില്ലേജ് ഓഫീസിൽ നിന്നും (2) കാട്ടിക്കുളം ചെക്ക് പോസ്റ്റിന് സമീപം ക്രമീകരിച്ചിട്ടുള്ള കൗണ്ടറുകളിൽ നിന്നുമായി അനുവദിക്കേണ്ടതാണ്.

2.മുത്തങ്ങ ചെക്ക് പോസ്റ്റ് വഴി കർണ്ണാടക സംസ്ഥാനത്തേക്ക് പോകുന്ന വാഹനങ്ങൾക്കായി നൂൽപ്പുഴ വില്ലേജ് ഓഫീസിൽ ~~ക്രമീകരിച്ച കൗണ്ടറിൽ~~ ഒരു അധിക കൗണ്ടർ കൂടി ക്രമീകരിക്കേണ്ടതാണ്.

3..മേൽപ്പറഞ്ഞ ജോലിക്കായി ആവശ്യമായ ജീവനക്കാരെ ജില്ലാ മെഡിക്കൽ ഓഫീസറും റീജനൽ ട്രാൻസ്പോർട്ട് ഓഫീസറും നിയോഗിക്കേണ്ടതാണ്. കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ ആവശ്യകത ആർ.ടി.ഒയും, വാഹനത്തിലെ തൊഴിലാളികൾ കൊറോണ സംബന്ധിച്ച് കോറണ്ടൈനിൽ അല്ല എന്നത് ഡി.എം.ഒയും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4.വാഹനത്തിലെ തൊഴിലാളികൾ അവരുടെ തിരിച്ചറിയൽ രേഖകളും രണ്ട് ഫോട്ടോകളും കൈവശം കരുതേണ്ടതാണ്. ഒരു വാഹനത്തിൽ രണ്ടിൽ കൂടുതൽ ആളുകളെ അനുവദിക്കുന്നതല്ല.
5.വാഹനങ്ങൾ കേരളത്തിനു പുറത്തേക്കും അകത്തേക്കും പ്രവേശിക്കുമ്പോൾ അവ അണു വിമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6.മറ്റു ജില്ലകളിൽ നിന്നും ഇത്തരത്തിൽ പാസുമായി വരുന്നവരും അതിന്റെയടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കൗണ്ടറിൽ നിന്നും പുതിയ പാസ് സ്വീകരിക്കേണ്ടതാണ്.

**ചെയർപേഴ്സൺ ജില്ലാ ദുരന്തനിവാരണ**
**അതോറിറ്റി & ജില്ലാ കലക്ടർ വയനാട്**

ജില്ലാ മെഡിക്കൽ ഓഫീസർ( ആരോഗ്യം) വയനാട്
റീജനൽ ട്രാൻസ്പോർട്ട് ഓഫീസർ, വയനാട്

30/3/2020

പകർപ്പ്: ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട്
ഡെ.കളക്ടർ(LR)തഹസിൽദാർ മാനന്തവാടി - വില്ലേജ് ഓഫീസർക്ക് ആവശ്യമായ ക്രമീകരണങ്ങൾക്കായി